# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.1847 — 01/02/2018-ൽ മറുപടിയ്ക്ക്

## കുന്ദമംഗലത്തെ സ്കൂൾ ഓഫ് മാത്തമാറ്റിക്സ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ടി.എ.റഹീം | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | ശാസ്ത്ര സാങ്കേതിക വകുപ്പിന് കീഴിൽ കുന്ദമംഗലത്ത് നിലവിലുള്ള സ്കൂൾ ഓഫ് മാത്തമാറ്റിക്സിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നു വരുന്നതെന്ന് വിശദമാക്കാമോ; | (എ) | ഗണിതശാസ്ത്ര ഗവേഷണം അഭിവൃദ്ധിപ്പെടുത്തുക, ഗണിതശാസ്ത്ര പ്രതിഭകളെ കണ്ടെത്തുക എന്നീ ഉദ്ദേശ്യങ്ങളോടെ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലും, ഇന്ത്യ ഗവൺമെന്റിന്റെ കീഴിലുള്ള ആണവോർജ്ജ വകുപ്പും സംയുക്തമായി തുടങ്ങിയ സ്ഥാപനമാണ് കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ്. ഗണിതശാസ്ത്ര ഗവേഷണം രാജ്യത്ത്, പ്രത്യേകിച്ചും കേരളത്തിൽ, പ്രോത്സാഹിപ്പിക്കുക എന്ന മുഖ്യ ലക്ഷ്യത്തോടെയാണ് ഇതിന്റെ പ്രവർത്തനം ആരംഭിച്ചത്. ഈ ലക്ഷ്യത്തെ മുൻനിർത്തിയുള്ള ഗവേഷണ പഠന പ്രവർത്തനങ്ങളാണ് കെ.എസ്.ഒ.എം.ന്റേത്. ഗണിതശാസ്ത്ര വിഷയങ്ങളിൽ പരിശീലനവും ഗവേഷണവും പ്രോത്സാഹിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായുള്ള പഠന പ്രവർത്തനങ്ങളാണ് നിലവിൽ കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് ആസൂത്രണം ചെയ്തു നടപ്പിലാക്കികൊണ്ടിരിക്കുന്നത്. ഗണിത ശാസ്ത്രത്തിലെ വിവിധ പഠന ശാഖകളിലുള്ള ശിൽപശാലകൾ, പ്രസ്തുത ശിൽപശാലകളുടെ ഏകവിഷയക |

| | | | |
|---|---|---|---|
| | | | പ്രബന്ധങ്ങളുടേയും വ്യവഹാര വിവരണത്തിന്റെയും പ്രസിദ്ധീകരണം, അന്തർദേശീയ ശിൽപശാലകൾ, കേരള ത്തിലെ ഗണിത ശാസ്ത്ര അധ്യാപകർക്കും, വിദ്യാർത്ഥികൾക്കുമുള്ള പരിശീലനക്ലാസ്സുകൾ, തുടർ പരിശീലന പദ്ധതികൾ, വിദേശ യൂണിവേഴ്സിറ്റികളിൽ നിന്നുമുള്ള ഗണിതശാസ്ത്ര പ്രഗൽഭരുടെ ശിൽപശാലകൾ, തുടർ പരിശീലനപദ്ധതികൾ, വിദ്യാർത്ഥികൾക്കായി അടിസ്ഥാനഗണിത ശാസ്ത്രത്തിലുള്ള പ്രത്യേക പരിശീലന ക്ലാസ്സുകൾ തുടങ്ങിയവയെല്ലാം ഈ കേന്ദ്രം ആസൂത്രണം ചെയ്തു നടപ്പിലാക്കുന്ന പഠന പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. വിദേശ യൂണിവേഴ്സിറ്റികളും ഗവേഷണ കേന്ദ്രങ്ങളുമായി സഹകരിച്ച് അന്തർദേശീയ നിലവാരമുള്ള ശിൽപശാലകളും സംഘടിപ്പിച്ചുവരുന്നു. ഗവേഷണ ബിരുദത്തിനായി വിദ്യാർത്ഥികൾ ഈ കേന്ദ്രത്തിൽ പ്രവേശനം നേടി പഠനം നടത്തുന്നുണ്ട്. |
| (ബി) | ഇവിടെ നിലവിലുള്ള സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി സർക്കാരിന് പ്രത്യേക സാമ്പത്തിക ബാദ്ധ്യത വരാത്തതരത്തിൽ മാത്തമാറ്റിക്സിന്റെ ബിരുദാനന്തര കോഴ്സുകൾ ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവിടെ പ്രസ്തുത കോഴ്സ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ? | | ഉണ്ട്. ഇക്കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ